ഭരണഭാഷ-മാതൃഭാഷ

നമ്പർ :**DTETVM/4696/2025-ED2 (ED)**

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**
തീയതി : **23-09-2025**

**<u>സർക്കുലർ</u>**

വിഷയം:- വിദ്യാഭ്യാസം - സാങ്കേതികം - ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - ജീവനക്കാര്യം (ഡി) വിഭാഗം - സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും കത്തിടപാടുകൾ മലയാളത്തിൽ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- **27.08.2025** തീയതിയിലെ **HEDN- G2/188/2025-HEDN** നമ്പർ സർക്കാർ കത്ത്.

ഭരണഭാഷ മലയാളം ആയി സർക്കാർ അംഗീകരിച്ച സാഹചര്യത്തിലും മേൽ സൂചന സർക്കാർ കത്തിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങളും പുറപ്പെടുവിക്കുന്ന ഔദ്യോഗിക രേഖകളായ കത്തുകൾ, സർക്കുലറുകൾ, മെമ്മോകൾ തുടങ്ങി പൊതുജനങ്ങളുമായോ ജീവനക്കാരുമായോ പങ്കുവയ്ക്കുന്ന ആശയ വിനിമയ ഉപാധികൾ ഈ സർക്കുലർ വിജ്ഞാപന തീയതി മുതൽ നിർബന്ധമായും മലയാളത്തിൽ തയ്യാറാക്കി പുറപ്പെടുവിക്കേണ്ടതാണ്.

ഭരണഭാഷ മാതൃഭാഷയായ മലയാളത്തിലാണെന്ന് അതത് സ്ഥാപന മേധാവികൾ ഉറപ്പ് വരുത്തേണ്ടതും ആയതിലേക്കുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ ജീവനക്കാർ വരുത്തുന്ന വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടാൽ അടിയന്തര നടപടി സ്വീകരിക്കേണ്ടതും ആയത് ഈ കാര്യാലയത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണെന്നും അറിയിക്കുന്നു.

**JAYAPRAKASH P**
**DIRECTOR**

സ്വീകർത്താവ്,
സ്ഥാപന മേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും
വെബ്സൈറ്റ് മുഖാന്തരം

Signed by
Jayaprakash P
Date: 23-09-2025 13:52:12